(ബി) 2012-13, 2013-14 വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് ഗ്രാമപ്രദേശങ്ങളിൽ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിനും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ 1.5 സെന്റ് ഭൂമി വാങ്ങുന്നതിനുമാണ് ധനസഹായം അനുവദിച്ചത്. 2014-15 വർഷം ഗ്രാമപ്രദേശങ്ങളിൽ പരമാവധി അഞ്ച് സെന്റ് ഭൂമിയും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വീതവും വാങ്ങുന്നതിനാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ

**311 (977)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഏതെങ്കിലും വായ്പകൾ എഴുതിത്തള്ളാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ധനകാര്യ സഹകരണ സ്ഥാപനങ്ങളിലെ വായ്പകളാണെന്ന് ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ ഈ വിഭാഗത്തിൽപ്പെട്ടവരുടെ കടം എഴുതിത്തള്ളുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ -സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 12-11-2009-ലെ സ.ഉ.(പി) നമ്പർ 100/2009/പജ.പവ.വിവ. പ്രകാരം നിലവിലുണ്ടായിരുന്ന കടം എഴുതിത്തള്ളൽ പദ്ധതിയുടെ ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകിയിരുന്നു.

കൂടാതെ ഈ സർക്കാർ അധികാരമേറ്റതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദി ഗ്രാമവ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 50,000 രൂപവരെയുള്ള വായ്പകൾ 10-12-2013-ലെ സ.ഉ.(പി) 99/2013/പജ.പവ.വിവ. നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധികഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 30-3-2015-ലെ സ.ഉ.(അച്ചടി) നമ്പർ 24/2015/പജ.പവ.വിവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

**പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി അനുവദിച്ച വീടുകൾ**

**312 (978)** ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി 2011-12 മുതൽ 2014-15 വരെയുള്ള ഓരോ വർഷവും അനുവദിച്ച വീടുകൾ എത്രയെന്നും നിർമ്മാണം പൂർത്തിയാക്കിയ വീടുകൾ എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി 2011-12 മുതൽ 2014-15 വരെ അനുവദിച്ചതും പൂർത്തിയായതുമായ വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച വീടുകൾ | 6-6-2015 വരെ പൂർത്തിയായ വീടുകൾ |
|---|---|---|
| 2011-12 | 3500 | 2676 |
| 2012-13 | 5000 | 3678 |
| 2013-14 | 6400 | 2886 |
| 2014-15 | 4500 | 689 |

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനാനുകൂല്യങ്ങൾ**

**313 (979)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിവിധ പഠനാനുകൂല്യങ്ങൾ എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് പറയാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly